പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4563 | 21.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| 'സാഗ്' കേന്ദ്രാവിഷ്കൃത പദ്ധതി | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.പി. ഉണ്ണി**<br>**" സി. കെ. ശശീന്ദ്രൻ**<br>**" ജോർജ് എം. തോമസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി 'സാഗ്' കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) നടപ്പിലാക്കി വരുന്നുണ്ട്. 'സാഗ്' പദ്ധതി (Scheme for Adolescent Girls) സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ 2010 മുതൽ നടപ്പിലാക്കി വരുന്നു. 2017 ഡിസംബർ മുതൽ പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികൾക്ക് ആക്കിയും പദ്ധതി വയനാട്, കണ്ണൂർ ജില്ലകളിൽ കൂടി വ്യാപിപ്പിച്ചും കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) കൗമാരക്കാരായ പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, തൊഴിൽ നൈപുണ്യം എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) 'സാഗ്' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ സ്വയം വികാസവും ശാക്തീകരണവും.<br>2.അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക.<br>3. ആരോഗ്യം, ശുചിത്വം, പോഷണം, അഡോളസെന്റ് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത്(ARSH), കുടുംബം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് നൽകുക.<br>4. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ഹോം ബെയ്സ്ഡ് സ്കിൽസ്, ലൈഫ് സ്കിൽസ് എന്നിവ ഉയർത്തുക, നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെടുത്തി അവരുടെ വൊക്കേഷണൽ സ്കിൽസ് മെച്ചപ്പെടുത്തുക.<br>5. വിവിധ ഘട്ടങ്ങളിൽ സ്കൂൾ പഠനം നിർത്തിയ കൗമാര |

| | |
|---|---|
| | പ്രായക്കാരായ പെൺകുട്ടികൾക്ക് ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം തുടർന്നു നൽകുക.<br>6. PHC,CHC,പോസ്റ്റോഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതു സേവനങ്ങളെ കുറിച്ച് പെൺകുട്ടികൾക്ക് അറിവും മാർഗ്ഗ നിർദ്ദേശവും നൽകുക.<br>സബല പദ്ധതിയുടെ ഭാഗമായി ന്യൂട്രീഷൻ,നോൺ ന്യൂട്രീഷൻ പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകി വരുന്നു.<br>സബല പദ്ധതി പ്രകാരം അട്ടപ്പാടി ഐ.സി.ഡി.എസ് പദ്ധതി പ്രദേശത്തെ കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് THRS(Take Home Ration Strategy) പാചകം ചെയ്ത് ഭക്ഷണമായോ (Hot cooked Meals) 600 കലോറിയും 18-20 gm പ്രോട്ടീനും, മൈക്രോ ന്യൂട്രിയൻസ് ലഭ്യമാകുന്ന തരത്തിൽ ഭക്ഷണ സാധനങ്ങൾ ഒരു വർഷത്തേയ്ക്ക് 300 ദിവസം എന്ന ക്രമത്തിൽ നൽകി വരുന്നു.<br>നോൺ ന്യൂട്രീഷ്യൻ പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. അയൺ & ഫോളിക് ആസിഡ് ഗുളിക വിതരണം<br>2. ആരോഗ്യ പരിശോധന, റഫറൽ സേവനങ്ങൾ<br>3. പോഷകാഹാര വിദ്യാഭ്യാസം<br>4. കുടുംബക്ഷേമം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ<br>5. തൊഴിൽ പരിശീലനം |
| (സി) പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര-സംസ്ഥാന വിഹിതം എത്ര ശതമാനം വീതമാണ്; | (സി) ഈ പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം ന്യൂട്രീഷൻ കമ്പോണന്റ് 50:50, നോൺ ന്യൂട്രീഷൻ കമ്പോണന്റ് 60:40 എന്നീ അനുപാതത്തിലാണ്. |
| (ഡി)നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കി വരുന്നത്; | (ഡി) 'സാഗ്' പദ്ധതി സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ 2010 മുതൽ നടപ്പിലാക്കി വരുന്നു. 2017 ഡിസംബർ മുതൽ പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികൾക്ക് ആക്കിയും പദ്ധതി വയനാട്, കണ്ണൂർ ജില്ലകളിൽ കൂടി വ്യാപിപ്പിച്ചും ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| (ഞ) കൂടുതൽ പേർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | (ഞ) 'സാഗ്' പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര നിർദ്ദേശം അനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ ഗുണഭോക്താക്കൾ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികളുടെ വിഭാഗത്തിലുള്ളവർക്ക് മാത്രമായി കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നവർ നിലവിൽ കേരളത്തിൽ വളരെ കുറവാണ്. കേരളത്തിൽ 11 മുതൽ 14 വരെയുള്ള സ്കൂളിൽ പോകാത്ത കുട്ടികളുടെ വിഭാഗത്തിലുള്ളവർ വളരെ കുറവാണെന്നും ആയതിനാൽ പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ 'സാഗ്' പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ട പെൺകുട്ടികൾക്ക് ലഭ്യമാകാതെ പോകുന്ന വിവരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ